<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3195</u> <u>13-07-2022 - ൽ മറുപടിയ്ക്ക്</u>

<u>എയ്ഡഡ് സ്കൂളുകളിൽ സർവ്വീസിൽ പ്രവേശിച്ചവരുടെ നിയമന അംഗീകാരം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ എയ്ഡഡ് സ്കൂളുകളിൽ 2016 ജൂൺ മാസത്തിനുശേഷം സർവ്വീസിൽ പ്രവേശിച്ചവരുടെ നിയമന അംഗീകാരം നാളിതുവരെയും നൽകാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (എ) | 2016 ജൂൺ മാസത്തിന് ശേഷം എയ്ഡഡ് സ്കൂളുകളിൽ സേവനത്തിൽ പ്രവേശിച്ചവർക്ക് നിയമനാംഗീകാരം നൽകുന്നതിനായി പുറപ്പെടുവിച്ച 29.01.2016 ലെ സ.ഉ (പി) നം.29/2016/പൊ.വി.വ യിലെ ചില വ്യവസ്ഥകൾ നിയമനാധികാരിയായ മാനേജർമാരിൽ ചിലർ പാലിച്ചിരുന്നില്ല. അത്തരത്തിൽ, വ്യവസ്ഥകൾ പാലിക്കാതെ നിയമനം നടത്തിയ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതിനായി 06.02.2021 ലെ സ.ഉ(പി)നം.4/2021/പൊ.വി.വ പുറപ്പെടുവിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, നിബന്ധനകൾക്ക് വിധേയമായി, 2016-17 മുതൽ 2019-20 വരെ നിയമിതരായവർക്ക് അംഗീകാരം നൽകുവാനും, ആയതിന്റെ സാമ്പത്തിക ആനുകൂല്യങ്ങൾ ഉത്തരവ് തീയതിയായ 06.02.2021 മുതൽ മാത്രമായി പരിമിതപ്പെടുത്താനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, ഭിന്നശേഷി സംവരണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് എയ്ഡഡ് സ്കൂൾ നിയമനങ്ങൾ അംഗീകരിക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ, നിലവിൽ നിയമനം അംഗീകരിക്കാൻ തടസ്സം നേരിടുന്നുണ്ട്. ബഹു.കോടതിയിൽ നിന്നുള്ള അന്തിമ വിധി ലഭ്യമായ ശേഷം അതിനനുസരിച്ച് നിയമനാംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | 2016 മുതൽ സേവനമനുഷ്ഠിച്ച് നോഷണലായി അംഗീകാരം ലഭിച്ച എല്ലാ ജീവനക്കാർക്കും ശമ്പളം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 2016-17 മുതൽ 2019-20 വരെ നിയമിതരായവരിൽ നോഷണൽ ആയി അംഗീകാരം കിട്ടിയ ജീവനക്കാർക്ക് നിയമനത്തീയതി മുതൽ ശമ്പളം നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (സി) | ഹയർ സെക്കന്ററി ഇന്റർവ്യൂ ബോർഡിൽ ഗവൺമെന്റ് നോമിനിമാരുടെ ലിസ്റ്റിൽ കൂടുതൽ | (സി) | ഹയർ സെക്കന്ററി ഇന്റർവ്യൂ ബോർഡിൽ ഗവൺമെന്റ് നോമിനിമാരുടെ ലിസ്റ്റിൽ നിലവിൽ അദ്ധ്യാപകരെ ഉൾപ്പെടുത്തുന്നില്ല. |

| | | | |
|---|---|---|---|
| | അദ്ധ്യാപകരെ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ